എച്ച് 4/198/2019

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
തൃശ്ശൂർ- തീയ്യതി 07/03/2019
ഫോൺ -0487-360810
ഇ-മെയിൽ ddedntsr@gmail.com

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

സർ,

വിഷയം - പൊതുവിദ്യാഭ്യാസം - ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ - സെമിനാർ/വർക്ക്ഷോപ്പ് നടത്തുന്നത് സംബന്ധിച്ച് -

സൂചന – പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/01/2019 ലെ ക്യൂ. ഐ. പി. (2)/29342/2018 /ഡി. പി. ഐ നം.ഉത്തരവ്.

ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ജൈവവൈവിധ്യം നടപ്പിലാക്കുന്നതിനായി 10,000/- രൂപ വീതം ഈ വർഷവും നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഈ വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ , വർക്ക്ഷോപ്പ് എന്നിവ നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ താഴെചേർക്കുന്ന തീയ്യതികളിലും സ്ഥലത്തും വച്ച് ഒരു വർക്ക്ഷോപ്പും, സെമിനാറും നടത്തുന്നതിനായി നിശ്ചയിച്ചിരിക്കുകയാണ്.

| തീയ്യതി , ദിവസം, സമയം | നിശ്ചയിച്ചിരിക്കുന്ന ഇനം | സ്ഥലം | പങ്കെടുക്കേണ്ടവർ |
|---|---|---|---|
| 12/03/2019 ചൊവ്വാഴ്ച രാവിലെ 10.00 ന് | വർക്ക്ഷോപ്പ് | CMSHSS തൃശ്ശൂർ | ജൈവവൈവിധ്യ ഉദ്യാനം പദ്ധതിക്കായി 2018-19 ൽ 10,000/ ക വീതം നല്കിയ 190 വിദ്യാലയങ്ങളിലെ പ്രതിനിധികൾ |
| 16/03/2019 ശനിയാഴ്ച രാവിലെ 10.00 ന് | സെമിനാർ | GMBHSS തൃശ്ശൂർ | തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസിനുകീഴിലെ എല്ലാ ഗവ/എയ്ഡഡ് ഹൈസ്കൂൾ പ്രതിനിധികൾ, ഉപജില്ലയിൽ നിന്നും 20 വീതം വിദ്യാലയങ്ങളിലെ പ്രതിനിധികൾ ( സർക്കാർ/എയ്ഡഡ് ) |

Scanned by CamScanner

| | | | |
|---|---|---|---|
| 16/03/2019 ശനിയാഴ്ച രാവിലെ 10.00 ന് | സെമിനാർ | Govt. മോഡൽ ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ കുന്നംകുളം | ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസിനുകീഴിലെ എല്ലാ ഗവ/എയ്ഡഡ് ഹൈസ്കൂൾ പ്രതിനിധികൾ, ഉപജില്ലയിൽ നിന്നും 15 വീതം വിദ്യാലയങ്ങളിലെ പ്രതിനിധികൾ ( സർക്കാർ/എയ്ഡഡ് ) |
| 16/03/2019 ശനിയാഴ്ച രാവിലെ 10.00 ന് | സെമിനാർ | NHSS ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ആഫീസിനുകീഴിലെ എല്ലാ ഗവ/എയ്ഡഡ് ഹൈസ്കൂൾ പ്രതിനിധികൾ, ഉപജില്ലയിൽ നിന്നും 20 വീതം വിദ്യാലയങ്ങളിലെ പ്രതിനിധികൾ ( സർക്കാർ/എയ്ഡഡ് ) |

നിർദ്ദിഷ്ട തീയ്യതികളിലും, സമയത്തും വിദ്യാലയങ്ങളിലെ പ്രതിനിധികളെ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിന് എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, വിദ്യാലയങ്ങളിൽ നിന്നും പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

(signature)

വിദ്യാഭ്യാസ ഉപഡയറക്ടർ , തൃശ്ശൂർ

Scanned by CamScanner